LIBRARY ARCHIVES Kerala Legislative Assembly

നാട്ടിക നിയോജകമണ്ഡലത്തിലെ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം

309 (3596) ശ്രീമതി ഗീതാ ഗോപി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത അംഗൻവാടികളെ സംബന്ധിച്ച് പരിശോധിക്കുകയോ വിവരശേഖരണം നടത്തുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മണ്ഡലത്തിലെ പരാധീനതകൾ നേരിടുന്ന അംഗൻവാടികളുടെ ബ്ലോക്ക് തിരിച്ചുള്ള കണക്കും സ്ഥിതിവിവരവും ലഭ്യമാക്കുമോ ;

(സി) പ്രശ്നങ്ങൾ പരിഹരിക്കുവാൻ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിലുൾപ്പെടുന്ന അങ്കണവാടികൾ അന്തിക്കാട്, ചേർപ്പ്, തളിക്കുളം എന്നീ ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തവയെ സംബന്ധിച്ച് പരിശോധിക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. അങ്കണവാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(a) സ്വന്തമായി കെട്ടിടമില്ലാത്തവ	-	62
(b) ടോയ്ലറ്റ് സൗകര്യമില്ലാത്തവ	-	25
(c) കുടിവെള്ള സൗകര്യമില്ലാത്തവ	-	65
(d) ഇലക്ട്രിസിറ്റി സൗകര്യമില്ലാത്തവ	-	45
(e) ഗ്യാസ് കണക്ഷൻ ഇല്ലാത്തവ	-	8

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) (a) സ്വന്തമായി സ്ഥലമുള്ള എല്ലാ അങ്കണവാടികൾക്കും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(b) അങ്കണവാടികൾക്ക് പുറമ്പോക്ക് ഭൂമി, വനഭൂമി, മറ്റ് വകുപ്പുകളുടെ ഭൂമി, സ്കൂൾ കോമ്പൗണ്ട് എന്നിവ കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(c) പഞ്ചായത്തു ഫണ്ടുപയോഗിച്ച് അങ്കണവാടികൾക്ക് ഭൂമി വാങ്ങുന്നതിന് വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(d) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് അങ്കണവാടി പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നതിനും തദ്ദേശസ്വയംഭരണ ഫണ്ട് ഉപയോഗിച്ച് ടോയ്ലറ്റ് സൗകര്യം, കുടിവെള്ളം, ഇലക്ട്രിസിറ്റി, ഗ്യാസ് കണക്ഷൻ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷാ ഫണ്ട്

310 (3597) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഒരു സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഈ മിഷന് വേണ്ടി ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആകെ എത്ര തുകയാണ് ഈ ഫണ്ടിൽ സ്വരൂപിച്ചത് ;

(സി) സാമൂഹ്യസുരക്ഷാഫണ്ടിലേക്കുള്ള ഫണ്ട് ലഭ്യമാക്കിയതിന്റെ സ്രോതസ്സുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സാമൂഹികനീതി വകുപ്പിന്റെ കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2009 മുതൽ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly